**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

---

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ. വിഷ്ണു.എം.എസ്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കത്ത് നം. DMOH-ALP/643/2024-A6 തീയതി 31.01.2024
2. കാരണം കാണിക്കൽ നോട്ടീസ് നം.ഇ.ബി 1-1807/2025/ ആ.വ.ഡ തീയതി:24.01.2025

**ഉത്തരവ് നം: ഇ.ബി1-1807/2025/ആ.വ.ഡ തീയതി: 20-03-2025**

തുറവൂർ താലൂക്ക് ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. വിഷ്ണു.എം.എസ്, 01.01.2024 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഡോ. വിഷ്ണു.എം.എസ് കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റാത്തതിനാൽ 15.02.2025-ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ടിയാൾ വിശദീകരണം നാളിതു വരെ സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ Part II റൂ ൾ 19 (a) (ii) പ്രകാരം പ്രൊബേഷണറായ ഡോ. വിഷ്ണു.എം.എസ്-ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ

ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 20-03-2025 11:51:05
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**Dr. Vishnu.M.S,**
**Visala, Dhanuvachapuram, Dhanuvachapuram P O,**
**Thiruvananthapuram - 695503.**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

2.ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ആലപ്പുഴ

3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

4. ഫയൽ/ കരുതൽ ഫയൽ.